| A | | 502 |
|---|---|---|

# അർദ്ധവാർഷിക മൂല്യനിർണയം 2017-18

## മലയാളം

ക്ലാസ്-5 കേരളപാഠാവലി സമയം -2 മണിക്കൂർ

### *നിർദേശങ്ങൾ*

1. *മൂല്യ നിർണയത്തിന്റെ ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ വായിച്ചുമനസിലാക്കാനുള്ളതാണ്. (സമാശ്വാസ സമയം)*
2. *ആകെ 6 ചോദ്യങ്ങളാണ് ഉള്ളത്. ഇതിൽ നന്നായി അറിയാവുന്ന 5 എണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.*
3. *ഉപചോദ്യങ്ങൾ ഉണ്ടെങ്കിൽ ചോദ്യനമ്പരിനോടൊപ്പം (എ), (ബി) എന്നിങ്ങനെ എഴുതണം.*

---

**പ്രവർത്തനം 1 : കത്ത്**

പുഴയെ അറിയുക, മഴ നടത്തം തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നതായി നിങ്ങൾ പത്രത്തിൽ വായിച്ചിരിക്കുമല്ലോ ? 'കൃഷി മാഷ്' എന്ന പാഠഭാഗത്തിലെ മാഷിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം? മാതൃകാപരമെന്നുതോന്നുന്നുണ്ടോ?

നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തിന് ഒരു കത്തെഴുതുക

**പ്രവർത്തനം 2 : പ്രസംഗം**

'ക്യാൻസർ വാർഡിലെ ചിരി' എന്ന പാഠം നിങ്ങൾ പഠിച്ചിട്ടുണ്ട്. ജീവിതത്തിലെ വിഷമാവസ്ഥകളെ നർമബോധത്തോടെ നേരിട്ട നടൻ ഇന്നസെന്റിന്റെ അനുഭവമാണത്. ജീവിതത്തിൽ പല തരത്തിലുള്ള പ്രതിസന്ധികൾ ഉണ്ടാവാം. അവയെ തരണം ചെയ്യേണ്ടതില്ലേ? പുതുവർഷം വരികയാണ്. ഇന്നസെന്റിന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പുതുവർഷാഘോഷത്തിന്റെ ഭാഗമായി നടത്താനുള്ള ഒരു പ്രസംഗം തയാറാക്കുക.

**പ്രവർത്തനം 3 : വിശകലനക്കുറിപ്പ്**

'അൽപന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിയിലും കുടപിടിക്കും.'

"ഞാനങ്ങനെ ആഭരണമണിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ആധാരപ്പെട്ടിയേറ്റിയത്." ' ആഭരണം' എന്ന പാഠഭാഗത്തിലെ നമ്പൂതിരിയുടെ ഈ അഭിപ്രായവും മുകളിൽ കൊടുത്ത പഴഞ്ചൊല്ലും വിശകലനം ചെയ്ത് ഒരു കുറിപ്പ് തയാറാക്കുക.

### പ്രവർത്തനം 4 : കഥാപാത്ര നിരൂപണം

'അറബിക്കഥ'യിലെ കാസിമിനെ പരിചയപ്പെട്ടുവല്ലോ. തന്റെ ചെരുപ്പുകൾകൊണ്ടു വലഞ്ഞ കാസിമിന്റെ കഥയാണത്. കാസിം കടന്നുപോയ പ്രശ്നങ്ങളും, പ്രയാസങ്ങളും ഓർമയുണ്ടാവുമല്ലോ. അവയുടെ അടിസ്ഥാനത്തിൽ കാസിം എന്ന കഥാപാത്രത്തെക്കുറിച്ച് ഒരു നിരൂപണം തയാറാക്കുക




### പ്രവർത്തനം 5 : കുറിപ്പെഴുതുക

എ. ഭാഷയിലെ മുത്തുകളാണ് ശൈലികളും പ്രയോഗങ്ങളും. അവ നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ട്. താഴെ കൊടുത്ത പ്രയോഗങ്ങളിൽ നിന്ന് ഏതെങ്കിലും ഒന്നിന്റെ ആശയം വിശകലനം ചെയ്ത് കുറിപ്പ് എഴുതുക.

- ഇരിക്കുന്ന കൊമ്പുമുറിക്കരുത്.
- ഇടിവെട്ടേറ്റവനെ പാമ്പുകടിച്ചു.
- ഒരുമ തന്നെ പെരുമ.

ബി. മുകളിൽ കൊടുത്തിട്ടുള്ള പ്രയോഗങ്ങളിൽ 'ആപത്തിൽ നിന്ന് ആപത്തിലേക്ക്'

എന്ന അർത്ഥം വരുന്നതേത്?

### പ്രവർത്തനം 6 : ലേഖനം തയാറാക്കുക

വയലാർ രാമവർമയുടെ ' ഭൂമി സനാഥയാണ്' എന്ന കവിത ഓർമയുണ്ടല്ലോ.

*'പ്രപഞ്ചഗോപുര വാതിൽതുറന്നു*
*പണ്ടു മനുഷ്യൻ വന്നു*
*ആദിയിലാകാശങ്ങളിൽ നിന്നൊരു*
*നാദതരംഗം പോലെ'*

മനുഷ്യന്റെ നിരന്തരപ്രയത്നത്തിന്റെ കഥകൂടിയാണ് ഈ കവിതാഭാഗം. കവിതയുടെ ആശയങ്ങൾ ഉൾക്കൊണ്ട് മനുഷ്യൻ നേടിയ പുരോഗതിയെക്കുറിച്ച് സ്കൂൾ ശാസ്ത്രമാസികയിലേക്ക് ഒരു ലേഖനം തയാറാക്കുക.